# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2310** **05.02.2018-ൽ മറുപടിയ്ക്ക്**

## കെ.എസ്.എഫ്.ഇ.യിലെ പ്രവാസി ചിട്ടി

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ.യിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പ്രവാസി ചിട്ടിയുടെ നടപടിക്രമങ്ങൾ ഏതു വരെയായി എന്ന് വിശദമാക്കാമോ; | (എ) | പ്രവാസി ചിട്ടിയുടെ നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്. തുടങ്ങാൻ പോകുന്ന വിവിധങ്ങളായ പ്രവാസി ചിട്ടികളെ പരിചയപ്പെടുത്തുന്നതിനും അവരുടെ താല്പര്യം രേഖപ്പെടുത്തുന്നതിനുമുള്ള വെബ് സൈറ്റ് നിലവിലുണ്ട്. |
| (ബി) | ഏതൊക്കെ രാജ്യങ്ങളിലാണ് പ്രവാസി ചിട്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിന്റെ ഉദ്ഘാടനം എന്ന് നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (ബി) | ആദ്യ ഘട്ടത്തിൽ ജി.സി.സി. രാജ്യങ്ങളിലെ മലയാളികളെയാണ് പ്രവാസി ചിട്ടിയിൽ ഉപഭോക്താക്കൾ ആക്കുക. 2018 മാർച്ച് മാസത്തിൽ പ്രവാസി ചിട്ടി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രവാസി ചിട്ടിയോടൊപ്പം കെ.എസ്.എഫ്.ഇ. നടത്തുന്ന പ്രാദേശിക ചിട്ടികളുടെ പുരോഗമനത്തിനും ആധുനികവൽക്കരണത്തിനും നൂതന സാങ്കേതിക വിദ്യ നടപ്പിലാക്കുന്നതിനുമായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | കെ.എസ്.എഫ്.ഇ. യുടെ പ്രദേശിക ചിട്ടി ഇടപാടുകൾ മുഴുവൻ 'CASBA' എന്ന കോർ അധിഷ്ഠിത സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് നിലവിൽ നടത്തുന്നത്. പ്രസ്തുത സാങ്കേതികവിദ്യ ഉപയോഗിച്ച് കെ.എസ്.എഫ്.ഇ. യുടെ ഏത് ശാഖയിൽ നിന്നും ഉപഭോക്താവിന് ഇതര ശാഖകളിലെ പണമിടപാടുകൾ നടത്താവുന്നതാണ്. ഓൺലൈനായി പണമടയ്ക്കാനുള്ള അവസരവും ഇപ്പോൾ നിലവിലുണ്ട്. പണമിടപാടുകൾ നടത്താനുള്ള മൊബൈൽ ആപ്പ് സംവിധാനവും താമസംവിനാ ലഭ്യമാക്കുന്നതാണ്. ഓൺലൈൻ സമ്പ്രദായം വഴി പ്രവർത്തനക്ഷമമാകുന്ന തരത്തിലാണ് കെ.എസ്. എഫ്.ഇ. പ്രവാസി ചിട്ടി നടത്താൻ ഉദ്ദേശിക്കുന്നത്. ഇതിനോടൊപ്പം തന്നെ ചിട്ടി ലേലമടക്കം ഓൺലൈനായി ചെയ്യാവുന്ന തരത്തിലുള്ള പരിഷ്കരണം പ്രദേശിക ചിട്ടികളിലും ഏർപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | കെ.എസ്.എഫ്.ഇ.യുടെ ഗോൾഡ് ലോൺ ബിസിനസ്സ് കറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കാരണം പരിശോധി ച്ചിട്ടുണ്ടോ; ആയതിനുള്ള പരിഹാര നടപടികൾ സ്വീകരിയ്ക്കുമോ? | (ഡി) | ഉണ്ട്. ആഗോള സ്വർണ്ണ വിലയിടിവിനെ തുടർന്ന് സ്വർണ്ണപ്പണയ വായ്പയിൽ മറ്റുസ്ഥാപനങ്ങളെപ്പോലെ കെ.എസ്.എഫ്.ഇ യിലും കുറവുവന്നിട്ടുണ്ട്. ഇത് പരിഹരിക്കാൻ വേണ്ടി സ്വർണ്ണ വായ്പ ആകർഷക മാക്കാൻ നൂതന പദ്ധതികൾ ആവിഷ്കരി ക്കാനുള്ള നടപടി കൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ